# മന്ത്രിസഭാ തീരുമാനങ്ങൾ

## (14.10.2009)

- കേരള സ്റ്റേറ്റ് സ്പോർട്സ് കമ്മീഷന്റെ അന്തിമ റിപ്പോർട്ടിൽ പറയുന്ന 69 ശുപാർശകളും തത്വത്തിൽ അംഗീകരിച്ചു. ശുപാർശകൾ ഓരോന്നും വിശദമായി പരിശോധിക്കുന്നതുമാണ്. സ്പോർട്സ് രംഗത്തെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനാണ് 2008 ജൂണിൽ മുൻ കേന്ദ്ര സ്പോർട്സ് ആന്റ് യുവജനകാര്യ സെക്രട്ടറിയായിരുന്ന എ.കെ. പാണ്ഡ്യ ചെയർമാനായുള്ള കമ്മീഷനോട് ആവശ്യപ്പെട്ടിരുന്നത്. കായികവിദ്യാഭ്യാസം കരിക്കുലത്തിന്റെ ഭാഗമാക്കുക, സ്പോർട്സ് യൂണിവേഴ്സിറ്റി സ്ഥാപിക്കുക, തുടങ്ങിയ ഒട്ടേറെ പ്രധാന നിർദ്ദേശങ്ങൾ റിപ്പോർട്ടിൽ ഉണ്ട്.

- റീജിയണൽ ക്യാൻസർ സെന്ററിലെ ജീവനക്കാർക്ക് 6-ാം കേന്ദ്ര ശമ്പള പരിഷ്ക്കരണ കമ്മീഷൻ നിർദ്ദേശം അനുസരിച്ചുള്ള ശമ്പളപരിഷ്ക്കരണം നടപ്പിലാക്കാൻ തീരുമാനിച്ചു.

- കർണാടക സംസ്ഥാനത്ത് ഈയിടെ ഉണ്ടായ രൂക്ഷമായ പ്രകൃതിക്ഷോഭത്തിൽ വീടും ജീവനും നഷ്ടപ്പെട്ടവരെ സഹായിക്കുന്നതിന് ഒരു കോടി രൂപ ധനസഹായം നൽകാൻ തീരുമാനിച്ചു. ഇതേപോലെ കഷ്ടനഷ്ടങ്ങൾ സംഭവിച്ച ആന്ധ്രയിലെ ജനങ്ങളെ സഹായിക്കുന്നതിനും ഒരുകോടി രൂപ നൽകുവാൻ തീരുമാനിച്ചു.

- ലാന്റ് ബോർഡ് സെക്രട്ടറി ഡി. ഭാസ്ക്കരൻ ഐ.എ.എസ്സിനെ വയനാട് ജില്ലാ കളക്ടറായി നിയമിക്കുവാൻ തീരുമാനിച്ചു.

- വിഴിഞ്ഞം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് മന്ത്രിസഭായോഗം തീരുമാനിച്ചു. പദ്ധതിക്ക് വേണ്ട അടിസ്ഥാന സൗകര്യവികസനം, ഗതാഗതസൗകര്യം എന്നിവയുടെ നിർമ്മാണം സർക്കാർ കമ്പനിയായ വി.ഐ.എസ്.എൽ. വഴി 2009 നവംബർ മാസത്തിൽതന്നെ ആരംഭിക്കും. 450 കോടി രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾക്കാണ് ഇപ്പോൾ അനുമതി നൽകിയിരിക്കുന്നത്. ഈ നിർമ്മാണപ്രവർത്തനങ്ങൾ 12 മുതൽ 18 മാസത്തിനകം പൂർത്തിയാക്കും. ഈ പ്രവർത്തനങ്ങളോടൊപ്പം സമാന്തരമായി കണ്ടെയ്നർ ടെർമിനലിന്റെ നിർമ്മാണത്തിനുള്ള സ്വകാര്യ പങ്കാളിയെ കണ്ടെത്തുന്നതിനുള്ള ആഗോള ടെണ്ടർ നടപടികളും ആരംഭിക്കും. 2010 അവസാനത്തോടെ സ്വകാര്യ പങ്കാളിയെ കണ്ടെത്താൻ കഴിയും. റോഡ്, റെയിൽ, ഗതാഗതസൗകര്യങ്ങൾ ഏറ്റെടുത്ത് നിർമ്മിക്കുന്നതിന് റെയിൽവേ, നാഷണൽ ഹൈവേ അതോറിറ്റി എന്നിവരുമായി ചർച്ച നടത്തും. ഇതിനാവശ്യമായ പ്രപ്പോസൽ ഉണ്ടാക്കുന്നതിന് വി.ഐ.എസ്.എല്ലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

******